# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3640

19.02.2013 ൽ മറുപടിക്ക്

<u>ആധാർ കാർഡ് നിർബന്ധമായ സേവനങ്ങൾ</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി പി. ആയിഷപോറ്റി | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ലഭ്യമാകുന്ന ഏതെല്ലാം സേവനങ്ങൾക്ക് ആധാർ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) സർക്കാർ ആനുകൂല്യം നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകുന്ന Direct Benefit Transfer Scheme എന്ന കേന്ദ്ര സർക്കാർ പദ്ധതി നടപ്പാക്കുന്ന പത്തനംതിട്ട, വയനാട് ജില്ലകളിൽ ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ട് വഴിയാണ് വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, ജനനീ സുരക്ഷ യോജന പ്രകാരമുള്ള സാമ്പത്തിക സഹായം എന്നിവ വിതരണം ചെയ്യാൻ വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ആധാർ നിർബന്ധമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) ആധാർ സംബന്ധമായി പൊതുജനങ്ങളിൽ ഉണ്ടായിട്ടുള്ള സംശയങ്ങൾ നിവാരണം നടത്തുന്നതിന് സർക്കാർ കോൾ സെൻറർ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) പൊതുജനങ്ങൾക്ക് സംശയ നിവാരണത്തിനായി ഐ ടി മിഷനിൽ ടോൾഫ്രീ നമ്പർ സംവിധാനം ഉൾപ്പെടെ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ഇതുവരെ ആധാർ കാർഡ് എടുക്കാൻ സാധിക്കാതെ പോയവർക്ക് (പ്രവാസികൾ സംസ്ഥാനത്തിന് പുറത്ത് പഠനം നടത്തുന്നവർ ഉൾപ്പെടെ) ആധാർ കാർഡ് ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും ? | (സി) മതിയായ തിരിച്ചറിയൽ രേഖയുണ്ടെങ്കിൽ ഏതൊരു ഇൻഡ്യൻ പൗരനും ഇൻഡ്യയിൽ എവിടെ നിന്നും ആധാർ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. പ്രവാസികൾക്കും മറ്റും സംസ്ഥാനത്ത് എത്തുമ്പോൾ ആധാർ രജിസ്ട്രേഷനുള്ള സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ